(സി) കണ്ണൂർ ജില്ലയിലെ പ്രസ്തുത ക്ഷേത്രങ്ങളുടെയും സ്ഥാപനങ്ങളുടെയും പേര്, വിലാസം എന്നിവ വിശദമാക്കുമോ ?

ഉത്തരം

(എ) ഹിന്ദുമത ധർമ്മ സ്ഥാപന(ഭരണ) വകുപ്പിനു കീഴിൽ 136 ക്ഷേത്രങ്ങൾ ഉണ്ട്.

(ബി) കണ്ണൂർ ജില്ലയിൽ എച്ച്. ആർ. ആന്റ് സി. ഇ. യുടെ കീഴിൽ 274 ക്ഷേത്രങ്ങളുണ്ട്.

(സി) ക്ഷേത്രങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

"ജി. ഡി. പി.യിൽ കാർഷികോല്പന്നങ്ങളുടെ ഓഹരി"

54 (4093) ശ്രീ. എൻ. ശക്തൻ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ജി. ഡി. പി. യിൽ കാർഷികോല്പന്നങ്ങളുടെ ഓഹരി എത്രയാണ് ;

(ബി) പത്താം പദ്ധതിയുടെ അന്ത്യത്തിൽ സംസ്ഥാനത്തിന്റെ ജി. ഡി. പി.യിൽ കാർഷികോല്പന്നങ്ങളുടെ ഓഹരി എന്തായിരിക്കണം എന്നാണ് കണക്കാക്കിയിട്ടുള്ളത് ?

ഉത്തരം

(എ) സംസ്ഥാന ആസൂത്രണ ബോർഡിന്റെ കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ ജി. ഡി. പി. യിൽ കാർഷികമേഖലയുടെ ഓഹരി 23.22 ശതമാനമാണ്.

(ബി) പത്താം പദ്ധതിയിൽ കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദന വളർച്ചാ നിരക്ക് 6.5 ശതമാനവും കാർഷികമേഖലയുടെത് 3.05 ശതമാനവുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ ലക്ഷ്യം കൈവരിച്ചാൽ പത്താം പദ്ധതിയുടെ അവസാനത്തിൽ (2006-2007) കാർഷിക മേഖലയുടെ ഓഹരി 19.70 ശതമാനമായിരിക്കുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

കാർഷിക വിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് പദ്ധതി

55 (4094) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly